പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3655 | 26.06.2012 -ലെ മറുപടി

ട്രാൻസ്പോർട്ട് ബസ്സുകൾ ഡിപ്പോയിൽത്തന്നെ പാർക്ക് ചെയ്യാൻ നിർദ്ദേശം

ചോദ്യം

ശ്രീ. ജെയിംസ് മാത്യു

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി ബസ്സുകൾ അവസാന റൂട്ട് പൂർത്തിയാക്കിയാൽ എല്ലാദിവസവും ഡിപ്പോയിൽ ത്തന്നെ തിരിച്ചുവന്ന് പാർക്ക് ചെയ്യണമെന്ന് നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. ഒരു ഷെഡ്യൂളിന്റെ അവസാന ട്രിപ്പ് പൂർത്തിയാക്കുന്നത് ഡിപ്പോയിൽ തന്നെയാണ്. |
| (ബി) | ഉണ്ടെങ്കിൽ അപ്രകാരം നിർദ്ദേശിക്കപ്പെടുവാനുള്ള സാഹചര്യം വിശദമാക്കാമോ; | (ബി) | വാഹനം ഒരു ഷെഡ്യൂൾ ഓടിക്കഴിഞ്ഞ് ഡീസൽ നിറയ്ക്കുന്നതിനും കൂടാതെ വാഹനം പരിശോധിച്ച് മെക്കാനിക്കൽ തകരാറുകൾ എന്തെങ്കിലും ഉണ്ടെങ്കിൽ അറ്റകുറ്റപണികൾ നടത്തി അടുത്ത സർവ്വീസിന് ബസ് യോഗ്യമാക്കുന്നതിനുമായി വാഹനം തിരികെ ഡിപ്പോയിൽ എത്തിയാൽമാത്രമേ സാധിക്കുകയുള്ളൂ. |
| (സി) | പ്രസ്തുത നിർദ്ദേശം നൽകിയിട്ടില്ലെങ്കിൽ, പ്രാദേശികമായി വാഹനങ്ങൾ തിരികെ ഡിപ്പോയിലേയ്ക്ക് കൊണ്ടുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) യും (ഡി) യും | 'എ' പിരിവിലെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല. |
| (ഡി) | ഉണ്ടെങ്കിൽ ഇങ്ങനെയുള്ള നടപടികൾ ഉണ്ടാകാതിരിക്കാൻ നിർദ്ദേശം നൽകുമോ? | | |

സെക്ഷൻ ഓഫീസർ